**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2903

2.4.2013 ൽ
മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിലെ നെല്ലു സംഭരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.ചന്ദ്രൻ : | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) | പാലക്കാട് ജില്ലയിൽനിന്നുള്ള നെല്ല് ഭൂരിഭാഗവും സ്വകാര്യമില്ലുടമകൾ വാങ്ങിക്കൂട്ടുന്നതായി ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ; | എ) യും ബി) യും<br>ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പാലക്കാട് ജില്ലയിൽ കടുത്ത വരൾച്ച മൂലം നെല്ലുൽപാദനം ഗണ്യമായ തോതിൽ കുറഞ്ഞിട്ടുണ്ട്. തൻമൂലം സപ്ലൈകോയുടെ നെല്ല് സംഭരണത്തിൽ കഴിഞ്ഞ വർഷത്തെ ഈ കാലയളവിലെ സംഭരണത്തേക്കാൾ 40,000 ടണ്ണോളം കുറവ് വന്നിട്ടുണ്ട്. |
| ബി) | ആയതുമൂലം സപ്ലൈകോയുടെ നെല്ലുസംഭരണം ജില്ലയിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് എത്ര ടണ്ണിന്റെ കുറവാണ് വന്നിട്ടുള്ളത് ; | |
| സി) | സ്വകാര്യമില്ലുടമകൾ കിലോയ്ക്ക് 21രൂപ നിരക്കിൽ കർഷകരിൽ നിന്നും നേരിട്ട് നെല്ല് വാങ്ങുന്നതു കൊണ്ടാണ് സപ്ലൈകോയ്ക്കു നെല്ല് ലഭിക്കാത്തതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) യും ഡി) യും<br>കർഷകർക്ക് നെല്ലിന് മികച്ച വില ലഭ്യമാക്കുക എന്നതാണ് നെല്ല് സംഭരണത്തിന്റെ ഏറ്റവും പ്രഥമമായ ലക്ഷ്യം. കിലോയ്ക്ക് 17 രൂപ നിരക്കിലാണ് ഇപ്പോൾ സപ്ലൈകോ നെല്ലു സംഭരിക്കുന്നത്. അതിലും കൂടിയ നിരക്കിൽ സ്വകാര്യ മില്ലുടമകൾ നെല്ലു സംഭരിക്കുന്നുവെങ്കിൽ അത് നെല്ലു സംഭരണത്തിന്റെ നേട്ടമായി വില യിരുത്താം. |
| ഡി) | ഇതു കണക്കിലെടുത്ത് നെല്ലിന്റെ സംഭരണവില 17 രൂപയിൽ നിന്നും വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരി ക്കുമോ ? | |

സെക്ഷൻ ഓഫീസർ